പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1811 05.02.2019-ലെ മറുപടിക്ക്

**ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കെ.എസ്.ആർ.ടി.സി. ജീവനക്കാർ**

| ചോദ്യം<br>ശ്രീ.പി.കെ.അബ്ദു റബ്ബ് | | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ കടുത്ത ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ലൈൻ ഡ്യൂട്ടിക്കാരായവർക്കും അല്ലാത്തവർക്കും അവരുടെ പ്രതിമാസ ഡ്യൂട്ടിയുടെ എണ്ണം സാധാരണ ജീവനക്കാരുടെ ഒപ്പമെത്താത്ത കാര്യം സ്വാഭാവികമായതിനാൽ അക്കാരണം കൊണ്ട് അവർക്ക് യഥാസമയം ശമ്പളം നൽകാതെ സാമ്പത്തിക പരാധീനത പറഞ്ഞ് നീട്ടിക്കൊണ്ട് പോകുന്നത് സാമാന്യ നീതിക്ക് നിരക്കുന്നതാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദീകരണം നൽകുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ യൂണിറ്റുകളിൽ നിന്നും 2017 നവംബർ മാസം വരെ തയ്യാറാക്കി നൽകിയിരുന്ന ജീവനക്കാരുടെ സപ്ലിമെന്ററി ശമ്പളം വിതരണം ചെയ്തിട്ടുണ്ട്. 2017 ഡിസംബർ മുതലുള്ള സപ്ലിമെന്ററി ശമ്പളം കൊടുത്തു തീർക്കുവാനുണ്ട്. കോർപ്പറേഷന്റെ സാമ്പത്തിക പരാധീനത മൂലം മാത്രമാണ് കുടിശ്ശിക കൊടുത്തു തീർക്കാൻ കഴിയാത്തത്. |
| (ബി) | ഇല്ലെങ്കിൽ ഇത്തരം ജീവനക്കാർക്ക് ജോലി ചെയ്യുന്ന ശമ്പളം സപ്ലിമെന്ററിയായി മാത്രം എഴുതുന്നതുകൊണ്ട് അവരുടെ പ്രതിമാസ ജീവിത വരുമാനം യഥാസമയം നല്കാതിരിക്കുന്നത് നിയമ വിധേയമാണോ ; വ്യക്തമാക്കുമോ; | (ബി) | കോർപ്പറേഷന്റെ സാമ്പത്തിക പരാധീനത മൂലം മാത്രമാണ് ഈ തുകകൾ കുടിശ്ശിക ആയത്. |
| (സി) | ഇത്തരക്കാർ എണ്ണത്തിൽ കുറവാണെന്നതിനാൽ ഇവരെ പ്രത്യേക വിഭാഗമായി കണ്ട് അകറ്റി നിർത്താതെ ഇവരുടെ പ്രതിമാസ ശമ്പളം മാനുഷിക പരിഗണന നൽകി സത്വരം വിതരണം ചെയ്യാൻ സർക്കാർ പ്രത്യേക നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കാമോ? | (സി) | 2017 നവംബർ വരെ തുക തീർത്തും നൽകിയിട്ടുണ്ട്. എല്ലാ വിഭാഗം ജീവനക്കാരുടെയും സപ്ലിമെന്ററി ശമ്പളം ഒരുമിച്ചാണ് തയ്യാറാക്കിയിരിക്കുന്നത്. 2017 ഡിസംബർ മുതലുള്ള കുടിശ്ശികകൾ കോർപ്പറേഷന്റെ കടുത്ത സാമ്പത്തിക പരാധീനത മൂലമാണ് നൽകാത്തത്. സാമ്പത്തിക നില മെച്ചമാകുന്ന മുറക്ക് ടി കുടിശ്ശിക പൂർണ്ണമായും നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**